# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *136** 01.11.2019 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളിലെ അദാലത്തുകൾ

*ചോദ്യം*
ശ്രീ. സണ്ണി ജോസഫ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. അനിൽ അക്കര

*ഉത്തരം*
**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സാങ്കേതിക സർവ്വകലാശാലയിലും മഹാത്മാഗാന്ധി സർവ്വകലാശാലയിലും സംഘടിപ്പിക്കപ്പെട്ട അദാലത്തിൽ വകുപ്പമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് പങ്കെടുത്തിരുന്നോ; എങ്കിൽ ഏത് ചട്ടപ്രകാരം എന്നും ആരുടെ നിർദ്ദേശാനുസരണമെന്നും അറിയിക്കാമോ; | (എ) | കേരള സാങ്കേതിക സർവ്വകലാശാലയിൽ വകുപ്പമന്ത്രിയോടൊപ്പവും എം.ജി. സർവ്വകലാശാലയിൽ അദാലത്തിന്റെ ഉദ്ഘാടന സെക്ഷനിലും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്തിരുന്നു. ഇക്കാര്യത്തിൽ പ്രത്യേകം ചട്ടമുള്ളതായി കാണുന്നില്ല. |
| (ബി) | പ്രസ്തുത അദാലത്തുകളിൽ പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് ദാനം നൽകി അവരെ വിജയിപ്പിക്കുവാൻ തീരുമാനമെടുത്തിരുന്നോ; എങ്കിൽ അതിനുള്ള നിയമം സർവ്വകലാശാല ചട്ടങ്ങളിലോ, സ്റ്റാറ്റ്യൂട്ടുകളിലോ ഉണ്ടോ; | (ബി) | ഇല്ല; ബാധകമല്ല. |
| (സി) | എം.ജി. സർവ്വകലാശാലയുടെ അദാലത്തിൽ തീരുമാനിച്ച മാർക്ക് ദാനം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് വൈസ് ചാൻസലർ അയച്ചിരുന്നുവോ; അതിനുള്ള | (സി) | അയച്ചിരുന്നു. മോഡറേഷനാണ് വിദ്യാർത്ഥി ആവശ്യപ്പെട്ടിരുന്നത്. അപേക്ഷയിൽ മോഡറേഷനോടൊപ്പം സപ്ലിമെന്ററി പരീക്ഷയ്ക്ക് എൻ.എസ്.എസ് ഗ്രേസ് മാർക്കും നൽകണമെന്ന ആവശ്യം |

| | | | |
|---|---|---|---|
| | സാഹചര്യം എന്തായിരുന്നു; | | ഉയർന്നതിനാലാണ് ടി വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് വൈസ് ചാൻസലർ ഉത്തരവായത്. |
| (ഡി) | അദാലത്തിൽ ഒരു മാർക്ക് കൂട്ടി നൽകുവാനാണ് തീരുമാനം എടുത്തിരുന്നതെങ്കിൽ സിൻഡിക്കേറ്റ് അത് അഞ്ച്മാർക്ക് വീതം ബി. ടെക്. പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് വർഷം പോലും പറയാതെ ദാനം നൽകുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണ്; | (ഡി) | മോഡറേഷൻ ആവശ്യം ഉയർത്തി 2016 മുതൽ നിരവധി ബി.ടെക് വിദ്യാർഥികൾ നിരന്തരം സർവകലാശാലയെ സമീപിച്ചിരുന്നു. 2016 ഓഗസ്റ്റ് 13-ന് വിദ്യാർഥികൾ ഇതേ വിഷയം ഉന്നയിച്ച് സർവകലാശാലാ മാർച്ച് നടത്തുകയും അന്ന് ചുമതല വഹിച്ചിരുന്ന വൈസ് ചാൻസലർ വിദ്യാർഥി കളുമായി സംസാരിക്കുകയും വിഷയം പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് ബി.ടെക്. കോഴ്സുകൾ പൂർണമായും മാറുകയും സപ്ലിമെന്ററി വിദ്യാർഥികൾ മാത്രം സർവകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യവുമുണ്ടായി. നേരിയ മാർക്കിന്റെ കുറവു കൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷത്തെ പഠനത്തിനു ശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം കുറച്ച മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേക്ക് മാത്രമായി വിദ്യാർഥികൾ ചുരുങ്ങുന്ന അവസ്ഥയു ണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കിട്ടിയ അപേക്ഷ പരിഗണിച്ചപ്പോൾ പരമാവധി വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലുള്ള മോഡറേഷനാണ് 30/04/2019 ൽ കൂടിയ |

| | | | |
|---|---|---|---|
| | | | സിൻഡിക്കേറ്റ് തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിലാണ് 5 മാർക്ക് മോഡറേഷൻ നൽകാൻ തീരുമാനിച്ചത്. |
| (ഇ) | പ്രസ്തുത വിഷയം അജണ്ടക്ക് പുറത്തുള്ള വിഷയമായി സിൻഡിക്കേറ്റ് പരിഗണിച്ചത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ; | (ഇ) | മോഡറേഷൻ ആവശ്യം ഉയർത്തി 2016 മുതൽ നിരവധി ബി.ടെക് വിദ്യാർത്ഥികൾ നിരന്തരം സർവകലാശാലയെ സമീപിച്ചിരുന്നു. 2016 ഓഗസ്റ്റ് 13-ന് വിദ്യാർത്ഥികൾ ഇതേ വിഷയം ഉന്നയിച്ച് സർവകലാശാലാ മാർച്ച് നടത്തുകയും അന്ന് ചുമതല വഹിച്ചിരുന്ന വൈസ് ചാൻസലർ വിദ്യാർത്ഥികളുമായി സംസാരിക്കുകയും വിഷയം പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് ബി.ടെക്. കോഴ്സുകൾ പൂർണമായും മാറുകയും സപ്ലിമെന്ററി വിദ്യാർത്ഥികൾ മാത്രം സർവകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യവുമുണ്ടായി. നേരിയ മാർക്കിന്റെ കുറവു കൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷത്തെ പഠനത്തിനു ശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം കുറച്ച മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേക്ക് മാത്രമായി വിദ്യാർഥികൾ ചുരുങ്ങുന്ന അവസ്ഥയു ണ്ടായി. ഇതിലേയ്ക്കായി വിദ്യാർത്ഥികൾ സമർപ്പിച്ച ഓരോ അപേക്ഷയും പ്രത്യേക നമ്പറുള്ള ഫയലുകളാക്കി തീർപ്പാക്കുന്നതിലുള്ള നടപടിക്രമങ്ങളുടെ സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കുന്നതിനാണ് ഈ വിഷയം പൊതുവായി പരിഗണിച്ച് ഔട്ട് ഓഫ് അജൻഡ |

| | | | |
|---|---|---|---|
| | | | യായി പരിഗണിച്ചതെന്ന് മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |
| (എഫ്) | റിസൽട്ട് പ്രഖ്യാപിച്ചശേഷം പാസ്സ് ബോർഡിന്റെ ശിപാർശയില്ലാതെ അഞ്ച് മാർക്ക് വീതം ദാനം ചെയ്യുവാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചത് ഏത് നിയമപ്രകാരമാണ്; വ്യക്തമാക്കാമോ? | (എഫ്) | സർവ്വകലാശാല നടത്തേണ്ട പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ച് സിൻഡിക്കേറ്റിന്റെ അധികാരം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 4 ചട്ടം 23 (15)-ൽ നിർവചിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ടി നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.